സ്കൂളുകളുടെ ഓലഷെഡ് മാറ്റി പകരം കെട്ടിടം നിർമ്മിക്കുവാൻ നടപടി

18 [1119] ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം മണ്ഡലത്തിൽ ഏതൊക്കെ സ്കൂളുകളാണ് ഓലഷെഡിൽ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ഓലഷെഡ്ഡുകൾക്കു പകരം കെട്ടിടം പണിയാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ ഓരോന്നിന്റെയും വിശദാംശം വെളിപ്പെടുത്താമോ ;

(ഡി) കുന്ദമംഗലം മണ്ഡലത്തിലെ സ്കൂളുകളുടെ ഓലഷെഡ്ഡുകൾ പൂർണ്ണമായും മാറ്റി പകരം കെട്ടിടങ്ങൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കുന്ദമംഗലം മണ്ഡലത്തിൽ ഓലഷെഡിൽ പ്രവർത്തിക്കുന്ന സ്കൂളുകളൊന്നും ഇല്ല.

(ബി—ഡി) ചോദ്യം ഉദിക്കുന്നില്ല.

കാസറഗോഡ് ജില്ലയിൽ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകൾ

19 [1120] ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കൊല്ലം എത്ര വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളാണ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നത് ;

(ബി) കാസർകോട് ജില്ലയിൽ എത്ര സ്കൂളുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) പുതിയ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകൾ ആരംഭിക്കുന്ന കാര്യത്തിൽ സർക്കാർ നയപരമായ തീരുമാനം കൈക്കൊണ്ടിട്ടില്ല.

കാസറഗോഡ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിലെ ക്രമക്കേട്

20 [1121] ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസറഗോഡ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിൽ അദ്ധ്യാപക നിയമനവുമായി ബന്ധപ്പെട്ട് വന്നിട്ടുള്ള ക്രമക്കേട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly